(ഡി) നിയമനം പി. എസ്. സി.-ക്കു വിട്ടുകൊടുക്കാനുള്ള മുഴുവൻ നടപടികളും പൂർത്തിയായിട്ടില്ല. പൂർത്തിയാക്കുന്നതുവരെ കാത്തിരിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് നിയമനത്തിനു തുനിഞ്ഞത്.

(ഇ) അഴിമതിയുണ്ടാകുന്നതിനുള്ള സാഹചര്യമില്ല.

റെയിൽവേ ഓവർബ്രിഡ്ജുകൾ പണിയുവാൻ ഉദ്ദേശം

* 784 [852] ശ്രീ. പി.ആർ. ഫ്രാൻസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979-80 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് റെയിൽവേ ഓവർബ്രിഡ്ജുകൾ പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം?

മരാമത്തും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): (എ) ഉണ്ട്.

(ബി) അവസാനതീരുമാനമെടുത്തിട്ടില്ല.

നൂലിന്റെ വില

* 785 [853] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂലിന്റെ വില ക്രമാതീതമായി വർദ്ധിച്ചതുകൊണ്ട് കൈത്തറി വ്യവസായം ഗുരുതരമായ ഒരു പ്രതിസന്ധിയിലാണെന്നു വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) വിലവർദ്ധനവിന് കാരണം എന്ത്;

(സി) എന്തു പരിഹാര നടപടികളാണെടുക്കുന്നത്?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): (എ) ഉണ്ട്.

(ബി) നൂലിന്റെ വില നിശ്ചയിക്കുന്നത് മില്ലുടമകളാണ്. നൂലുൽപ്പാദിപ്പിക്കുന്നതിനുവേണ്ട പഞ്ഞിയുടെ വില, കൂലിച്ചിലവ് തുടങ്ങിയവ കണക്കിലെടുത്താണ് നൂലിന്റെ വില നിശ്ചയിക്കുന്നത്. കൂടാതെ നൂലിന് കമ്പോളത്തിലുണ്ടാകുന്ന പ്രിയം അനുസരിച്ചും വില നിശ്ചയിക്കും.

(സി) സംസ്ഥാന സർക്കാരിന് നൂലിന്റെ വില, ഉൽപ്പാദനം, വിതരണം എന്നീ കാര്യങ്ങളിൽ മില്ലുകളിൻമേൽ യാതൊരു നിയന്ത്രണവും ഇല്ല. കേന്ദ്രത്തിനു മാത്രമേ എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. ഒരു നിശ്ചിത കാലത്തേക്ക് കൈത്തറിക്കാവശ്യമായ നൂല് ലഭ്യമാക്കുക, പുതിയ മില്ലുകളിൽ കൈത്തറിക്കാവശ്യമായ നേർത്തതരം നൂല് ഉൽപ്പാദിപ്പിക്കുക, സംസ്ഥാനത്തിന് പുറത്തുള്ള മില്ലുകളിൽ നിന്നും ന്യായ വിലക്ക് നൂല് ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങൾക്കു വേണ്ടി കേന്ദ്രത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly